## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.694 29/05/2019-ൽ മറുപടിക്ക്

### കാടാമ്പുഴ കെ.എസ്.ഇ.ബി. ഓഫീസ്

| | ചോദ്യം<br><br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ കാടാമ്പുഴയിൽ കെ.എസ്.ഇ.ബി. ഓഫീസ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത സ്ഥലം വിട്ടുകിട്ടുന്നതിനു വൈദ്യുതി വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) യും (ബി) യും | കാടാമ്പുഴ സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനു വേണ്ടി 15 സെന്റ് ഭൂമി റിസർവ്വെ 180/ തനി നമ്പറിൽപ്പെട്ട മേൽ മുറി വില്ലേജ് പരിധിയിലെ റവന്യൂ ഭൂമിയിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി, കാടാമ്പുഴ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് നിർമ്മിക്കുവാൻ വിട്ടുതരണമെന്ന് അപേക്ഷിച്ച് കൊണ്ട് തിരൂർ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും കലക്ടർക്ക് കത്ത് സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സർക്കാരിൽ നിന്നും വൈദ്യുതി ബോർഡിന് കത്തുകളൊന്നും നൽകിയിട്ടില്ല. |
| (ബി) | ഇത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; സർക്കാരിൽ നിന്നും വൈദ്യുതി ബോർഡിന് ലഭിച്ച കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ